# ആമുഖം

കലയിലും കവിതയിലും പ്രയോഗത്തിലുള്ള ഒരു സങ്കേതമാണ് താളം. കലയിൽ നാട്യശാസ്ത്രത്തിന്റെയോ സംഗീതശാസ്ത്രത്തിന്റെയോ ഭാഗമായും അല്ലാതെയും ഈ സാങ്കേതികഘടകത്തെക്കുറിച്ച് വിശദമായ പഠനങ്ങൾ പ്രാചീനകലാഗ്രന്ഥങ്ങളിൽത്തന്നെ ലഭ്യമാണ്. അവയെല്ലാം ചേർത്ത് താളശാസ്ത്രം എന്നു പൊതുവെ വ്യവഹരിക്കാം. കവിതയിലെ താളത്തെക്കുറിച്ചുള്ള പരമ്പരാഗതചിന്തകൾ വൃത്തശാസ്ത്രത്തിലാണ് ഏറെ കാണുന്നത്. ആദ്യകാലത്ത് താളശാസ്ത്രവും വൃത്തശാസ്ത്രവും തമ്മിലുണ്ടായിരുന്ന കൊടുക്കൽവാങ്ങലുകൾക്കുദാഹരണമാണ് മാത്ര, ലഘു, ഗുരു തുടങ്ങി രണ്ടു പദ്ധതികളിലും പ്രയോഗത്തിലുള്ള സാങ്കേതികവാക്കുകൾ. എന്നാൽ പില്ക്കാലത്ത് രണ്ടു ശാസ്ത്രവും രണ്ടു രീതിയിൽ വികസിച്ചതോടെ ഇവ തമ്മിലുള്ള കൊടുക്കൽവാങ്ങലുകളും കുറഞ്ഞുതുടങ്ങി.

ഭാഷാവൃത്തങ്ങളുടെ വ്യവസ്ഥ കണ്ടെത്താൻ വൃത്തശാസ്ത്രം രചിച്ചവർക്ക് ആ വൃത്തങ്ങളുടെ താളാത്മകതയെക്കുറിച്ച് ധാരണയുണ്ടായിരുന്നു. 1878- ൽ പ്രസിദ്ധീകൃതമായ *കേരളകൗമുദി*യിൽ എഴുത്തച്ഛൻ, ചെറുശ്ശേരി, പൂന്താനം, കുഞ്ചൻ നമ്പിയാർ എന്നിവരുടെ കൃതികളിൽക്കാണുന്ന താളക്രമങ്ങൾക്ക് ലക്ഷണം നല്കിയ ശേഷം, തിരുവാതിരപ്പാട്ടുകൾ, ഓണപ്പാട്ടുകൾ, അഞ്ചടികൾ, വള്ളപ്പാട്ടുകൾ, കോലടിപ്പാട്ടുകൾ എന്നിവയിലെ വൃത്തങ്ങൾ പലവിധമാണെന്നും അവ ഏക, ചമ്പ, രൂപകം, അടന്ത മുതലായ താളവട്ടത്തിനൊത്ത മാത്രകളോടെ അക്ഷരങ്ങൾ ചേർത്തുണ്ടാക്കിയതാണെന്നും സൂചിപ്പിക്കുന്നുവെങ്കിലും ആ താളക്രമങ്ങൾക്കു ലക്ഷണം നല്കിയിട്ടില്ല.

എ. ആർ. രാജരാജവർമ്മ എഴുതിയ *വൃത്തമഞ്ജരി*യിൽ ഭാഷാവൃത്തങ്ങളെക്കുറിച്ച്,

വ്യവസ്ഥയെല്ലാം ശിഥിലം പ്രധാനം ഗാനരീതി താൻ

എന്നു പറയുന്നുവെങ്കിലും വൃത്തങ്ങൾക്കു ലക്ഷണനിർണയം ചെയ്യാൻ വൃത്തശാസ്ത്രസങ്കേതങ്ങൾതന്നെയാണ് പ്രധാനമായും ഉപയോഗിക്കുന്നത്.

1904- ൽ പ്രസിദ്ധീകരിച്ച *വൃത്തമഞ്ജരി*ക്കു ശേഷം അതിൽ പരാമർശിച്ച വൃത്തങ്ങൾക്കു പുറമേ നാടോടിപ്പാട്ടുകളിൽനിന്നു സ്വീകരിച്ച നിരവധി താളക്രമങ്ങളും കവികൾ ഉപയോഗിക്കുന്നുണ്ട്. കവിതയുടെ രൂപപരമായ പരിണാമത്തിന്റെ ചരിത്രത്തെ ആധുനികതാവാദ(modernism)വുമായി ബന്ധിപ്പിക്കുമ്പോൾ കവിത്രയത്തിന്റെ കാലംമുതൽ സംഭവിച്ച ഈ പരിവർത്തനങ്ങൾ സവിശേഷമായി പരിഗണിക്കേണ്ടതുണ്ട്. വ്യവസ്ഥാപിതമായി നിർവചിക്കപ്പെട്ട വൃത്തങ്ങൾക്കൊപ്പം നാടോടിസംസ്കാരത്തിൽനിന്നുരുവംകൊണ്ട താളക്രമങ്ങൾ സ്വീകരിച്ചുകൊണ്ടുതന്നെ അവയിലെ ശൈഥില്യങ്ങളെ ഒഴിവാക്കാനുള്ള പ്രവണതയാണ് ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ പ്രബലമായി നിലനിന്നത്. അങ്ങനെ കൃത്യമായ രൂപഘടന നല്കി ശൈലീവത്കരിക്കുന്നതിലൂടെ നിർവചിക്കപ്പെട്ട വൃത്തങ്ങൾക്കു തുല്യമായ പ്രചാരം ഈ താളക്രമങ്ങൾക്കു ലഭിച്ചു. ജി. ശങ്കരക്കുറുപ്പിനെപ്പോലെയുള്ള ചില പ്രമുഖകവികൾതന്നെ ഗദ്യരൂപത്തിലുള്ള കവിതകളും രചിച്ചെങ്കിലും ആ കാലഘട്ടത്തിലെ പ്രബലധാര പദ്യരൂപങ്ങളെ പിൻപറ്റുന്നതുതന്നെയായിരുന്നു. ആധുനികതാവാദവും കവിതയിലെ രൂപപരമായ ഈ പ്രത്യേകതകളും തമ്മിലുള്ള ബന്ധത്തെ അടിസ്ഥാനമാക്കി ഈ കാലത്തെ ആധുനികമലയാളകവിതയുടെ ഒന്നാം ഘട്ടമായി കണക്കാക്കാം.

പരമ്പരാഗതവൃത്തങ്ങളായാലും പുതുതായി പരീക്ഷിക്കപ്പെട്ടവയായാലും താളത്തെയാണ് കൂടുതൽ ആശ്രയിക്കുന്നതെന്ന വസ്തുതയും അവയെ അപഗ്രഥിക്കുന്നതിന് നിലവിലുള്ള വൃത്തശാസ്ത്രത്തിന്റെ അപര്യാപ്തതയും എ. ആർ. രാജരാജവർമ്മയ്ക്കു ശേഷമുള്ള വൃത്തപഠിതാക്കൾക്കും ബോധ്യപ്പെട്ടു.  അതുകൊണ്ടാണ് രാമവർമ്മ അപ്പൻ തമ്പുരാൻ, കുട്ടികൃഷ്ണമാരാർ എന്നിവർ ലഘു, ഗുരു എന്നിവയ്ക്കു പുറമേ പ്ലുതം, കാകപാദം എന്നീ കാല അളവുകൾ, ത്ര്യശ്രം, ചതുരശ്രം, ഖണ്ഡം, മിശ്രം തുടങ്ങിയ ഗതിഭേദങ്ങൾ, അനാഗതം മുതലായ ഗ്രഹഭേദങ്ങൾ എന്നീ താളശാസ്ത്രസങ്കേതങ്ങളെ കൂടുതലായി ആശ്രയിച്ചത്. വൃത്തനിർണയത്തിന് വായ്ത്താരികൾ ഉപയോഗിക്കുന്നു എന്ന പ്രത്യേകതയും കുട്ടികൃഷ്ണമാരാരെഴുതിയ *വൃത്തശില്പ*ത്തിനുണ്ട്. കെ. കെ. വാധ്യാരുടെ *വൃത്തവിചാര*ത്തെയും ഗതി, ഗ്രഹം തുടങ്ങിയ സങ്കേതങ്ങൾ സ്വാധീനിച്ചിട്ടുണ്ട്. എൻ. വി. കൃഷ്ണവാരിയരാകട്ടെ താളഗണം എന്ന സങ്കല്പനമാണ് വൃത്തനിർണയത്തിന് അടിസ്ഥാനമായി സ്വീകരിച്ചത്. പി. കുഞ്ഞികൃ

ഷ്ണമേനോൻ, ടി. വി. മാത്യു, പി. നാരായണക്കുറുപ്പ് എന്നിങ്ങനെ പലരും പുതുതായി പ്രചാരത്തിൽവന്ന താളക്രമങ്ങൾകൂടി പരിഗണിച്ചുകൊണ്ട് വൃത്തശാസ്ത്രത്തെ കൂടുതൽ വിപുലമാക്കി.

എന്നാൽ അമ്പതുകളുടെ മധ്യത്തോടെ ആരംഭിച്ച ആധുനികതാവാദത്തിന്റെ അടുത്ത ഘട്ടത്തിൽ പൊതുവെ മുന്നിട്ടുനിന്നത് വ്യവസ്ഥാപിതമായ വൃത്ത-താളനിയമങ്ങളെ ലംഘിക്കുന്നതിനുള്ള വാസനയാണ്. *വൃത്തമഞ്ജരി* പോലുള്ള വൃത്തശാസ്ത്രഗ്രന്ഥങ്ങളിൽ ലക്ഷണം നല്കിയവ കൂടാതെ മറ്റു താളക്രമങ്ങൾ കണ്ടെത്തുന്നതിനായി പ്രധാനമായും നാടോടിപ്പാട്ടുകളെ ആശ്രയിക്കുകയാണ് കവിത്രയംമുതൽക്കുള്ള കവികൾ ചെയ്തതെങ്കിൽ അവർ രൂപപ്പെടുത്തിയ താളരീതികളുടെ ക്രമവും ലംഘിക്കുന്നതിനാണ് ഈ ഘട്ടത്തിലെ കവികൾ പ്രധാനമായും ശ്രമിക്കുന്നത്.

ആധുനികതയുടെ ആദ്യകാലഘട്ടത്തിൽത്തന്നെ വൃത്തത്തെ നിഷേധിക്കുന്ന തരത്തിലുള്ള കവിതകൾ പ്രത്യക്ഷപ്പെടുന്നുണ്ടെങ്കിലും വൃത്തനിരാസം കാവ്യരൂപപരമായ ഒരു പ്രത്യയശാസ്ത്രമായി വികസിക്കുന്നത് ഈ രണ്ടാം ഘട്ടത്തിലാണ്. പ്രമേയപരമായി സമൂഹത്തിൽനിന്നു വ്യക്തിയിലേക്കു കേന്ദ്രീകരിക്കുന്ന അനുഭവതലവും സാമാന്യത്തെക്കാൾ വിശേഷത്തിനു പ്രാധാന്യം നല്കുന്ന ആവിഷ്ക്കാരരീതിയും കാവ്യരൂപപരമായ ഈ വ്യതിയാനത്തെ ആധുനികതാവാദവുമായി ചേർത്തുനിർത്തുന്നു. അതോടെ ക്രമത്തെക്കാളേറെ ശൈഥില്യത്തിനു പ്രാധാന്യം നല്കുന്ന പ്രതീകകല്പനകളും സാമാന്യമായ കാലത്തിൽനിന്നു വൈയക്തികമായ കാലത്തിലേക്ക് പരിവർത്തനപ്പെടുന്ന താളസങ്കല്പവും ഈ കവിതകളിൽ പരസ്പരപൂരകമായി പ്രവർത്തിച്ചുതുടങ്ങി. പരമ്പരാഗതവൃത്തങ്ങളുടെ വ്യവസ്ഥയെ ലംഘിക്കുകയും അവയ്ക്ക് അടിസ്ഥാനമായ താളഘടകങ്ങളെ സ്വതന്ത്രമായി ഉപയോഗിക്കുകയും ചെയ്യുന്ന മുക്തച്ഛന്ദസ്സ്, വരികൾ മുറിച്ചും മുറിക്കാതെയുമുള്ള വിവിധഗദ്യരൂപങ്ങൾ എന്നിവയ്ക്ക് ഇക്കാലത്ത് പ്രചാരമുണ്ടായി. ഒപ്പം പല പ്രധാനകവികളും നാടോടിപ്പാട്ടുകളിൽനിന്നും ദൃശ്യകലാരൂപങ്ങളിൽനിന്നും ധാരാളം താളക്രമങ്ങൾ കണ്ടെത്തുകയും അവ കവിതകളിൽ ഉപയോഗിക്കുകയും ചെയ്തു. ഈ ഘട്ടത്തിലെ കവിതകളെ പ്രകടമായി തിരിച്ചറിയാനുള്ള ഉപാധിയായിത്തന്നെ ഈ താളവൈചിത്ര്യം പ്രവർത്തിക്കുന്നുണ്ട്. കവിയരങ്ങ്, ചൊൽക്കാഴ്ച തുടങ്ങിയ കവിതാവതരണരീതികൾ ഈ രൂപപരിണാമത്തിന് ആവശ്യമായ പശ്ചാത്തലമൊരുക്കുകയും ചെയ്തു.

ഇക്കാലത്തെ കവിതകളുടെ രൂപപരമായ പ്രത്യേകതകൾ വിശദീകരിക്കുന്നതിന് വ്യവ

സ്ഥാപിതമായ വൃത്തശാസ്ത്രമോ താളശാസ്ത്രമോ മതിയാകാതെ വരുന്നു. എന്നാൽ ലക്ഷണത്തിനനുസരിച്ചുള്ള ലക്ഷ്യങ്ങൾ കണ്ടെത്തുന്ന സാമാന്യരീതിക്കു പകരം ഈ ശാസ്ത്രപദ്ധതികളുടെ അടിസ്ഥാനഘടകങ്ങൾ മുൻവിധികളില്ലാതെ ഉപയോഗിച്ചുകൊണ്ട് കാവ്യരൂപങ്ങളിൽ അവ എങ്ങനെ പ്രവർത്തിക്കുന്നു എന്ന അന്വേഷണത്തിന് പ്രസക്തിയുണ്ട്. അത്തരത്തിലുള്ള ഒരു സാധ്യതയാണ് ഈ പഠനത്തിലൂടെ അന്വേഷിക്കുന്നത്. പരിമിതമായ വൃത്തശാസ്ത്രസങ്കേതങ്ങളെക്കാൾ വിപുലമായ താളശാസ്ത്രസങ്കേതങ്ങളാണ് ഇക്കാര്യത്തിൽ കൂടുതൽ പ്രയോജനപ്പെടുന്നത്.

ആധുനികകവിതയുടെ രണ്ടു ഘട്ടങ്ങളിലും താളം എന്ന ഘടകത്തിനു സംഭവിച്ച പരിണാമഭേദങ്ങളും അവയിൽ നാടോടിത്താളങ്ങളുടെ സ്വാധീനവുമാണ് ഈ പ്രബന്ധത്തിൽ ചർച്ച ചെയ്യുന്നത്. താളം എന്ന കലാസങ്കേതത്തിന്റെ നിർവചനങ്ങളും താളദശപ്രാണങ്ങളെന്ന പേരിൽ പ്രസിദ്ധമായ കാലം, മാർഗം, ക്രിയ, അംഗം, ഗ്രഹം, ജാതി, കല, ലയം, യതി, പ്രസ്താരം എന്നീ താളഘടകങ്ങളുടെ സാങ്കേതികമായ പ്രത്യേകതകളും വിശദമാക്കുന്നതാണ് ഈ പ്രബന്ധത്തിലെ ഒന്നാമധ്യായം. രണ്ടാം അധ്യായത്തിൽ വിവിധതാളപദ്ധതികളെക്കുറിച്ച് വിശദീകരിക്കുന്നു. *നാട്യശാസ്ത്ര*ത്തിൽ പരാമർശിക്കപ്പെടുന്ന മാർഗതാളങ്ങൾ, പ്രാചീനതമിഴകത്തിലെ താളങ്ങൾ, സംഗീതശാസ്ത്രഗ്രന്ഥങ്ങളിൽ പല കാലങ്ങളിലായി സമാഹരിക്കപ്പെട്ട ദേശിതാളങ്ങളുടെ പാഠഭേദങ്ങൾ എന്നിവയെക്കുറിച്ചും ഈ ഭാഗത്തു ചർച്ച ചെയ്യുന്നു. താളദശപ്രാണങ്ങളുടെയും വിവിധതാളപദ്ധതികളിലെ താളങ്ങളുടെയും സാന്നിധ്യവും സ്വാധീനവും കേരളത്തിലെ നാടോടിക്കലകളിലുപയോഗിക്കുന്ന താളങ്ങളിലുമുണ്ടെന്നതാണ് ഈ പ്രാചീനപദ്ധതികളെക്കുറിച്ചു വിശദീകരിക്കുന്നതിനുള്ള പ്രധാനകാരണം. *നാട്യശാസ്ത്ര*ത്തിൽ വിശദീകരിക്കുന്ന ചച്ചത്പുടം, ഷട്പിതാപുത്രകം തുടങ്ങിയ താളങ്ങളും *സംഗീതരത്നാകര*ത്തിൽക്കാണുന്ന കാരിക, മല്ലതാളം തുടങ്ങിയ താളങ്ങളും കേരളത്തിലെ നാടോടിക്കലകളിൽ പ്രയോഗിക്കപ്പെടുന്നത് ഉദാഹരണം. മറ്റൊരു തരത്തിൽ കേരളമുൾപ്പെടെയുള്ള ദേശങ്ങളിൽ പല കാലങ്ങളിലായി പ്രചാരത്തിലുണ്ടായിരുന്ന പ്രാദേശികതാളങ്ങളെ ശാസ്ത്രീയസംഗീതപദ്ധതിയുടെ മാനദണ്ഡങ്ങളുപയോഗിച്ചു നിർവചിക്കുന്നതിനും സമാഹരിക്കുന്നതിനുമുള്ള ശ്രമങ്ങളും ദേശിതാളങ്ങളെ അടിസ്ഥാനമാക്കിയ താളപദ്ധതികളിൽക്കാണുന്നുണ്ട്. പ്രാചീനമായ തമിഴ് താളശാസ്ത്രഗ്രന്ഥമായ *താളചമുത്തിര*ത്തിൽ കേരളത്തിലെ നാടോടിക്കലകളിൽ ഇന്നും പ്രചാരത്തിലുള്ള മർമ്മതാളം, കുംഭതാളം, ലക്ഷ്മിതാളം തുടങ്ങി നിരവധിതാളങ്ങളെക്കുറിച്ചു പരാമർശിക്കുകയും ലക്ഷണം നല്കുകയും ചെയ്യുന്നത് ഉദാഹ

രണം.

ശാസ്ത്രീയതാളപദ്ധതികളിലെ താളങ്ങളും കേരളത്തിലെ നാടോടിത്താളങ്ങളും തമ്മിലുള്ള ഈ ബന്ധത്തിന്റെ തുടർച്ചയാണ് കുഞ്ചൻ നമ്പിയാരുടെ തുള്ളലുകളിലുള്ളത്. അദ്ദേഹത്തിന്റെ *ഹരിണീസ്വയംവരം* തുള്ളലിൽ കാരികതാളം, ലക്ഷ്മിതാളം, കുംഭതാളം, കുണ്ടനാച്ചിതാളം തുടങ്ങിയ പ്രസിദ്ധമായ നാടോടിത്താളങ്ങൾക്ക് ശാസ്ത്രീയമാനദണ്ഡങ്ങളുപയോഗിച്ച് ലക്ഷണം നല്കുകയും അതേ താളങ്ങളെ അടിസ്ഥാനമാക്കിയുള്ള വരികൾ എഴുതുകയും ചെയ്തിട്ടുണ്ട്. കൂടാതെ മർമ്മം, പഞ്ചാരി, ചമ്പട, ചമ്പ, അടന്ത എന്നിങ്ങനെ കേരളത്തിൽ പ്രചാരത്തിലുള്ള മറ്റു താളങ്ങളെ അടിസ്ഥാനമാക്കിയ വരികളും നമ്പിയാരുടെ തുള്ളൽകൃതികളിൽ കാണാം. കുഞ്ചൻ നമ്പിയാരുടെ കൃതികളിൽക്കാണുന്ന ഈ താളങ്ങളും ഒപ്പം പടയണി, തെയ്യം, മുടിയേറ്റ്, മുടിയെടുപ്പ്, ശാസ്താംപാട്ട്, മാരൻപാട്ട്, കണ്ണിയാർകളി, തീയാട്ട്, ജീവതനൃത്തം, തിടമ്പുനൃത്തം, ഗരുഡൻതൂക്കം, മയിൽപ്പീലിത്തൂക്കം തുടങ്ങി ഒട്ടേറെ നാടോടിക്കലകളിലുപയോഗിക്കുന്ന താളങ്ങളും കേരളത്തിലെ നാടോടിത്താളങ്ങൾ എന്ന നിലയിൽ മൂന്നാം അധ്യായത്തിൽ സമാഹരിച്ചിരിക്കുന്നു. നാടോടിത്താളങ്ങളെ കവിതയിലുപയോഗിക്കുന്ന കുഞ്ചൻ നമ്പിയാരുടെ രീതിക്ക് ആധുനികകവിതയിൽ ശക്തമായ തുടർച്ചകളുണ്ടായി എന്നതുകൊണ്ടുതന്നെ ഈ താളസമാഹരണത്തിന് കവിതാപഠനത്തിന്റെ മേഖലയിലും പ്രസക്തിയുണ്ടെന്നു കരുതുന്നു.

കവിതയിലെ താളത്തെ വിശദീകരിക്കാൻ ഉപയോഗിക്കുന്ന വൃത്തശാസ്ത്രത്തിലെ സങ്കേതങ്ങളിൽ, കലകളിലെ താളത്തെക്കുറിക്കുന്ന താളശാസ്ത്രപരമായ സങ്കേതങ്ങളുടെ സ്വാധീനമാണ് നാലാം അധ്യായത്തിൽ പഠനവിധേയമാക്കുന്നത്. ഒപ്പം ആധുനികതാവാദത്തിന്റെ പശ്ചാത്തലത്തിൽ കവിതയിലെ താളത്തെക്കുറിച്ചുള്ള പാശ്ചാത്യവും പൗരസ്ത്യവുമായ സങ്കല്പനങ്ങളും വിശദീകരിക്കുന്നു. വൃത്തശാസ്ത്രനിയമങ്ങൾ അനുസരിക്കാത്ത കവിതകളുടെ രൂപപരമായ ഘടകങ്ങൾ വിശദീകരിക്കാൻ ആവർത്തനം, പൂർവാനുമിതി തുടങ്ങിയ സ്വതന്ത്രമായ സങ്കേതങ്ങൾ പാശ്ചാത്യനിരൂപകർ ഉപയോഗിക്കുന്നുണ്ട്. മലയാളത്തിലെ ആധുനികകവിതയുടെ രൂപപരമായ ഘടകങ്ങൾ അപഗ്രഥിക്കുന്നതിന് ഇത്തരം സങ്കേതങ്ങളുടെ ഉപയോഗവും അനിവാര്യമാകുന്നു.

പാശ്ചാത്യമായ ആധുനികത, ആധുനികതാവാദം എന്നിവയെക്കുറിച്ചുള്ള കാഴ്ചപ്പാടുകളും മലയാളത്തിലെ ആധുനികകവിതയുടെ പ്രത്യേകതകളും ചരിത്രപരമായി വിശദീകരിക്കുകയും വിവിധഘട്ടങ്ങളിൽ സംഭവിച്ച രൂപപരമായ വ്യതിയാനങ്ങൾ വിലയിരുത്തുകയും

ചെയ്യുന്നതാണ് പ്രബന്ധത്തിന്റെ അടുത്ത ഭാഗം. രൂപപരമായ പ്രത്യേകതകളുടെ അടിസ്ഥാനത്തിൽ ആധുനികകവിതയെ ഇതിൽ രണ്ടു ഘട്ടങ്ങളായി തിരിച്ചിരിക്കുന്നു. ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിലുണ്ടായ *വൃത്തമഞ്ജരി*യിൽ ലക്ഷ്യലക്ഷണനിർണയം ചെയ്യുന്ന വൃത്തങ്ങൾക്കു പുറമേ നാടോടിപ്പാട്ടുകളിൽനിന്നു സ്വീകരിച്ച താളങ്ങളെ ശൈലീവത്ക്കരിച്ച് കവിതയിലുപയോഗിക്കുന്നതാണ് ഈ ആദ്യഘട്ടത്തിൽക്കാണുന്ന കവിതകളുടെ ഒരു പ്രധാനസവിശേഷത. ഈ താളക്രമങ്ങളെക്കുറിച്ചു പഠിക്കുന്നതിന് കുമാരനാശാൻ, വള്ളത്തോൾ നാരായണമേനോൻ, ഉള്ളൂർ എസ്. പരമേശ്വരയ്യർ, ജി. ശങ്കരക്കുറുപ്പ്, ഇടപ്പള്ളി രാഘവൻ പിള്ള, ചങ്ങമ്പുഴ കൃഷ്ണപിള്ള, ഇടശ്ശേരി ഗോവിന്ദൻ നായർ, വൈലോപ്പിള്ളി ശ്രീധരമേനോൻ, പി. കുഞ്ഞിരാമൻ നായർ, ബാലാമണിയമ്മ എന്നീ പത്തു കവികളുടെ കവിതകളാണ് പ്രധാനമായും അടിസ്ഥാനമാക്കുന്നത്. ആധുനികതാവാദപരമായ വിവിധപ്രസ്ഥാനങ്ങളുടെ സ്വാധീനത്തിൽ മലയാളകവിതയിൽ രൂപപ്പെട്ട വിവിധപ്രവണതകൾക്കു നേതൃത്വം കൊടുത്ത കവികളാണ് ഇവരെന്നതും ആദ്യഘട്ടത്തിലെ രൂപപരമായ പ്രത്യേകതകൾ പ്രാതിനിധ്യസ്വഭാവത്തോടെ ഇവരുടെ കവിതകളിൽ പ്രത്യക്ഷപ്പെടുന്നു എന്നതുമാണ് ഈ കവികളുടെ കൃതികൾ പഠനവിഷയമായി സ്വീകരിക്കുന്നതിന് കാരണമാകുന്നത്. ആധുനികതാവാദത്തിന്റെ പശ്ചാത്തലത്തിൽ ഇവരുടെ കവിതകളുടെ പൊതുവായ പ്രത്യേകതകളും താളസ്വീകരണത്തിൽക്കാണുന്ന സവിശേഷതകളും അഞ്ചാം അധ്യായത്തിൽ ചർച്ച ചെയ്യുന്നു.

താളശാസ്ത്രപരമായ സങ്കേതങ്ങളുടെ അടിസ്ഥാനത്തിൽ ഇവരുടെ കവിതകൾ തരംതിരിക്കുകയാണ് ഇതിനോടനുബന്ധിച്ചുള്ള ആറാം അധ്യായത്തിൽ ചെയ്യുന്നത്. ഇതിനായി ത്ര്യശ്രം, ചതുരശ്രം, ഖണ്ഡം, മിശ്രം തുടങ്ങിയ ഗതിഭേദങ്ങളെക്കുറിച്ചുള്ള താളശാസ്ത്രപരമായ സങ്കല്പനങ്ങളെ ആശ്രയിക്കുന്നു. കൂടാതെ രൂപപരമായ പ്രത്യേകതകൾ വിവരിക്കുന്നതിന് താളശാസ്ത്രത്തിലെ ഇതരസങ്കേതങ്ങളും വൃത്തശാസ്ത്രപരമായ സങ്കേതങ്ങളും ഈ ഭാഗത്ത് ഉപയോഗപ്പെടുത്തിയിട്ടുണ്ട്.

ആയിരത്തിത്തൊള്ളായിരത്തി അമ്പതുകളിൽ ആരംഭിക്കുന്നതെന്നു പൊതുവെ പറയാവുന്ന ആധുനികതാവാദത്തിന്റെ അടുത്ത ഘട്ടത്തെക്കുറിച്ച് വിശദീകരിക്കുന്നതാണ് പ്രബന്ധത്തിന്റെ ഏഴും എട്ടും അധ്യായങ്ങളുൾപ്പെടുന്ന അവസാനഭാഗം. രണ്ടാം ലോകമഹായുദ്ധം, ഇന്ത്യയുടെ സ്വാതന്ത്ര്യലബ്ധി എന്നിവയെത്തുടർന്നു രൂപപ്പെട്ട സാമൂഹികവും സാംസ്കാരികവും സൗന്ദര്യശാസ്ത്രപരവുമായ ചില പ്രവണതകൾ ഈ ഭാഗത്തു ചർച്ച ചെയ്യുന്നു. രൂപപരമായ വൈവിധ്യമാണ് ഈ ഘട്ടത്തിലെ കവിതകളിൽക്കാണുന്ന ഒരു പ്രധാനസവി

ശേഷത. സ്വാഭാവികമായും പല ധാരകളിൽ ഉൾപ്പെടുന്ന കവിതകളുടെ സാന്നിധ്യം ഈ ഘട്ടത്തിൽക്കാണാം. അത്തരം കവിതകളിലെ രൂപപരമായ പ്രത്യേകതകൾ പൊതുവായി വിവരിക്കുകയും അയ്യപ്പപ്പണിക്കർ, എം. ഗോവിന്ദൻ, കാവാലം നാരായണപ്പണിക്കർ, എൻ. എൻ. കക്കാട്, ആറ്റൂർ രവിവർമ്മ, കടമ്മനിട്ട രാമകൃഷ്ണൻ, സച്ചിദാനന്ദൻ, ഡി. വിനയചന്ദ്രൻ, കുഞ്ഞുണ്ണി, ബാലചന്ദ്രൻ ചുള്ളിക്കാട് എന്നീ കവികളുടെ രചനകൾ സവിശേഷമായി വിലയിരുത്തുകയും ചെയ്യുന്നതാണ് ഈ ഭാഗം. മറ്റു പല പ്രധാനകവികളുടെ കവിതകളും ഈ ഘട്ടത്തിലുണ്ടാകുന്നുണ്ടെങ്കിലും ആധുനികതാവാദപരമായ പ്രവണതകൾ ശക്തമായി പ്രകടിപ്പിക്കുകയും ഒപ്പം നാടോടിസംസ്കാരത്തിൽനിന്ന് പ്രചോദനമുൾക്കൊണ്ടുകൊണ്ട് കവിതകൾ രചിക്കുകയും ചെയ്തവർ എന്ന നിലയിലാണ് ഈ കവികളുടെ രചനകൾ പഠനത്തിനായി തെരഞ്ഞെടുത്തത്. കവിതയുടെ ഇതരസാധ്യതകളുമന്വേഷിച്ചതിലൂടെ കേരളത്തിൽ പ്രചാരം നേടിയ കവിയരങ്ങ്, ചൊൽക്കാഴ്ച തുടങ്ങിയ കവിതാവതരണസമ്പ്രദായങ്ങളിൽ ആവർത്തിച്ചുപയോഗിക്കപ്പെട്ട കവിതകളാണ് ഇവരുടേത് എന്നതും ഈ തെരഞ്ഞെടുപ്പിനു കാരണമാകുന്നു. നാടോടിപ്പാട്ടുകളിലൂടെ തുടർന്നുവന്ന കവിതയുടെ വാചികപാരമ്പര്യത്തിന് ആധുനികകാലത്തു സംഭവിച്ച വികാസമെന്ന നിലയിൽ കവിയരങ്ങ്, ചൊൽക്കാഴ്ച എന്നീ കവിതാവതരണരീതികളെക്കുറിച്ചും ഏഴാം അധ്യായത്തിൽ വിവരിക്കുന്നുണ്ട്.

ഈ കവികളുടെ കവിതകളിൽ ഉപയോഗിക്കുന്ന നാടോടിത്താളങ്ങളുടെയും ഈണങ്ങളുടെയും പഠനമാണ് എട്ടാം അധ്യായത്തിൽ നിർവഹിച്ചിരിക്കുന്നത്. നാടോടിത്താളങ്ങളോ ഈണങ്ങളോ നേരിട്ടുതന്നെ വ്യത്യസ്തസന്ദർഭങ്ങളിൽ പ്രയോഗിക്കുക, നാടോടിത്താളത്തിന്റെ അടിസ്ഥാനമാതൃക നിലനിർത്തിക്കൊണ്ട് വർണവിന്യാസത്തിൽ സ്വാതന്ത്ര്യമെടുക്കുക, പല നാടോടിത്താളങ്ങളോ താളഖണ്ഡങ്ങളോ വിളക്കിച്ചേർത്ത് താളക്കൂട്ടുകൾ നിർമ്മിക്കുക, നാടോടിത്താളമാതൃകയിലുള്ള വായ്ത്താരി കവിതയുടെ താളത്തിനു നിയാമകമായോ മറ്റു ധർമ്മങ്ങൾ നിർവഹിക്കുന്നതിനായോ ഉപയോഗിക്കുക, ഭാഷയിലെ അർത്ഥദ്യോതകമായ വാക്കുകൾതന്നെ വായ്ത്താരിയെ ഓർമ്മിപ്പിക്കുന്ന വിധത്തിൽ പ്രയോഗിക്കുക, നാടോടിത്താളത്തിന്റെ മാതൃകയിൽ പുതിയ താളങ്ങൾ സൃഷ്ടിക്കുക, നാടോടിത്താളഖണ്ഡങ്ങളും ഗതിഭേദങ്ങളും ഇടകലർത്തുക, വർണപദഘടനകളിലൂടെ നാടോടിപ്പാട്ടുകളെയോ ഓർമ്മിപ്പിക്കുക, താളാത്മകമായ ഗദ്യത്തിൽ പഴഞ്ചൊല്ലിന്റെയോ കടങ്കഥയുടെയോ മാതൃകയിൽ പുതിയ ചൊല്ലുകൾ നിർമ്മിക്കുക എന്നിങ്ങനെ വിവിധരീതികൾ പിന്തുടരുന്ന കവിതകൾ ഇവിടെ തരംതിരിച്ച് വിശകലനം ചെയ്യുന്നു. പഠനനിഗമനങ്ങൾ ഒമ്പതാം അധ്യായത്തിൽ

സംഗ്രഹിച്ചിരിക്കുന്നു. അത്തരത്തിൽ ആധുനികമലയാളകവിതയെ പരിവർത്തനപ്പെടുത്തുന്നതിൽ നാടോടിസംസ്കാരത്തിനുള്ള പങ്കെന്തെന്നു വ്യക്തമാക്കുകയും നാടോടിത്താളങ്ങളുടെ സാന്നിധ്യം കവിതയിൽ പ്രവർത്തിക്കുന്നതെങ്ങനെയെന്നു വിശദമാക്കുകയുമാണ് ഈ പഠനത്തിന്റെ പ്രധാനോദ്ദേശ്യം.